പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2276

18/03/2015 ൽ മറുപടിയ്ക്ക്

## കശുവണ്ടി വികസന കോർപ്പറേഷന്റെ പദ്ധതി ചെലവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ ഗുരുദാസൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി ( ബഹു.വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) നടപ്പു സാമ്പത്തിക വർഷം കശുവണ്ടി വികസന കോർപ്പറേഷന്റെ പദ്ധതി ചെലവ് എത്ര ; പ്രസ്തുത തുക എന്തിനെല്ലാം വേണ്ടി വിനിയോഗിച്ചു എന്നറിയിക്കാമോ ; | (എ) 2014-15 സാമ്പത്തിക വർഷം കശുവണ്ടിവികസന കോർപ്പറേഷന് ബഡ്ജറ്റ് വിഹിതമായി 30 കോടി രൂപ വകയിരുത്തിയതിൽ 15 കോടി രൂപ അനുവദിച്ചു നൽകിയിട്ടുള്ളതും പ്രസ്തുത തുക പൂർണ്ണമായും 2014 വർഷത്തിൽ തൊഴിലാളികൾക്ക് ബോണസ് നൽകുന്നതിനും തോട്ടണ്ടി വാങ്ങി തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുമായി വിനിയോഗിച്ചിട്ടുള്ളതുമാണ്. |
| (ബി) ഗ്രാറ്റുവിറ്റി കടിശ്ശിക എത്രയെന്ന് അറിയിക്കുമോ ; പ്രസ്തുത തുക കൊടുത്തു തീർക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ ? | (ബി) കശുവണ്ടി വികസന കോർപ്പറേഷനിൽ 2009 വർഷം വരെ റിട്ടയർ ചെയ്ത തൊഴിലാളികൾക്കും ജീവനക്കാർക്കും ഗ്രാറ്റുവിറ്റി വിതരണം ചെയ്തിട്ടുണ്ട്. 2010 മുതൽ 2014 വരെയുള്ള കാലയളവിൽ റിട്ടയർ ചെയ്ത തൊഴിലാളികൾക്കും ജീവനക്കാർക്കും ഗ്രാറ്റുവിറ്റി കടിശ്ശിക വിതരണം ചെയ്യുന്നതിനായി ഏകദേശം 50 കോടി രൂപ ആവശ്യമാണ്. 2011 ൽ ഗ്രാറ്റുവിറ്റി വിതരണം ചെയ്യുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷന് 21 കോടി രൂപയും കാപെക്സിന് 4 കോടി രൂപയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കശുവണ്ടി |

വികസന കോർപ്പറേഷനും കാപെക്സിനും ഗ്രാറ്റുവിറ്റി നൽകുന്നതിന് ആവശ്യമായ തുക സ്വന്തം ഫണ്ടിൽ നിന്ന് കണ്ടെത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ